പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3713 | 15/12/2014 ൽ മറുപടിയ്ക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.തിലോത്തമൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പ്രകൃതിക്ഷോഭത്തിലല്ലാതെ മറ്റ് അപകട ങ്ങളിലും ദുരന്തങ്ങളിലും നഷ്ടം സംഭവിക്കുന്ന കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകാ റുണ്ടോ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാ മാണെന്ന് പറയാമോ; | (എ) ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള, അപകടമരണങ്ങൾക്ക് വിധേയ മാകുന്നവരുടെ, കുടുംബങ്ങൾക്ക് മുപ്പതിനായിരം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നു. എന്നാൽ ദുരന്തപൂർ ണ്ണമായ സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു. വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്ന വരുടെ കുടുംബങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. സ്ഫോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റുപദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽ പെടുമ്പോഴോ അതു പോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബ ത്തിന് പ്രാഥമിക സഹായമായി 1 ലക്ഷം രൂപ നൽ കുന്നു. ഇൻഷുറൻസ് തുകയോ ഉത്തരവാദപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട തുകയോ കണക്കിലെടുത്ത ശേഷം കൂടുതൽ തുക അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. നക്സലൈറ്റ് ആക്രമണങ്ങളിലും മറ്റും കൊല്ല പ്പെടുന്ന കരസേന, വായുസേന, നാവികസേന, പാരാമിലിട്ടറി, GREF, കേന്ദ്രസംസ്ഥാന സർക്കാ രുകൾ രൂപീകരിക്കുന്ന മറ്റു സേനാ വിഭാഗങ്ങൾ എന്നിവയിലെ ജവാൻമാർക്ക് സൈനിക ക്ഷേമനിധി |

| | |
|---|---|
| | ബോർഡിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നതല്ല. |
| (ബി) ചേർത്തല കിഴക്കേ നാല്പതിൽ 19/11/2014 - ൽ ഉണ്ടായ പടക്കശാല സ്പോടനത്തിൽ സ്ഥാപനത്തിനു ചുറ്റുവട്ടത്തുള്ള ഒട്ടേറെ വീടുകൾ തകർന്നു പോകുകയും മറ്റ് നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടും സർക്കാർ അവർക്ക് നഷ്ടപരിഹാരം നൽകാതിരുന്നത് എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ; ഇത്തരം സന്ദർഭങ്ങളിൽ സർക്കാർ അടിയന്തര സഹായമെത്തിക്കാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ ? | (ബി) സർക്കാർ ഇക്കാര്യംപരിശോധിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ.